ഉത്തരം

(എ) ചില സ്കൂളുകളിൽ സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) മാനേജ്മെന്റുകളുടെയും തദ്ദേശ വാസികളുടെയും നിവേദനങ്ങളുടെ അടിസ്ഥാനത്തിലാണ് സർക്കാർ തീരുമാനം എടുത്തിട്ടുള്ളത്.

(സി) ഡിപ്പാർട്ടുമെന്റൽ സ്കൂളുകളിൽ 80% സീറ്റുകളിൽ ഓപ്പൺ കാറ്റഗറിയിൽ നിന്നുള്ളവരെയും 20% സീറ്റുകളിൽ സംസ്ഥാനത്തെ അൺട്രെയിൻഡായി ജോലി ചെയ്യുന്ന അദ്ധ്യാപകരെയും തിരഞ്ഞെടുക്കുന്നു. പ്രൈവറ്റ് മാനേജ്മെന്റ് സ്കൂളുകളിൽ 60% സീറ്റുകളും ഓപ്പൺ കാറ്റഗറിക്കും 20% സീറ്റുകളും മാനേജ്മെന്റിനും 20% സീറ്റുകളും സർവ്വീസിലിരിക്കുന്ന അൺട്രെയിൻഡ് ടീച്ചേഴ്സിനും നീക്കിവെച്ചിരിക്കുന്നു. മൈനോറിറ്റി റൈറ്റുള്ള സ്കൂളുകളിൽ മുഴുവൻ സീറ്റുകളിലും മാനേജ്മെന്റാണ് സെലക്ഷൻ നടത്തുന്നത്.

ബി. എഡ്. ട്രെയിനിംഗ് കോളേജുകളിലെ സീറ്റ് വർദ്ധനവ്

1832 [2868] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയുടെ പരിധിയിൽ വരുന്ന ബി. എഡ്. ട്രെയിനിംഗ് കോളേജുകളിൽ ഈ വിദ്യാഭ്യാസവർഷം ബി. എഡ്ഡിന് പത്തു സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചു കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ സീറ്റുകളിലേക്കുള്ള സെലക്ഷൻ എപ്രകാരം നടത്തണമെന്നായിരുന്നു നിർദ്ദേശം;

(സി) മാനേജ്മെന്റിന് എത്ര സീറ്റുകളാണ് അനുവദിച്ചു കൊടുത്തിരുന്നത്?

ഉത്തരം

(എ) കേരള യൂണിവേഴ്സിറ്റിയുടെ പരിധിയിൽ വരുന്ന ഈ ബി. എഡ്. ട്രെയിനിംഗ് കോളേജുകളിൽ ആകെ 245 സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ഓരോ കോളേജിലും അനുവദിച്ചിട്ടുള്ള സീറ്റുകളിലേക്കുള്ള പ്രവേശനം നടത്തുന്ന വ്യവസ്ഥകൾക്ക് വിധേയമായി തന്നെയാണ് വർദ്ധിപ്പിച്ച സീറ്റുകളിലേക്കും പ്രവേശനം നടത്തേണ്ടത്. അതിനാൽ പ്രത്യേക നിർദ്ദേശമൊന്നും നൽകിയിട്ടില്ല.

(സി) അനുവദിച്ചിട്ടുള്ള സീറ്റുകളിൽ 20% (ഇരുപത് ശതമാനം).

ബി. എഡ്. ട്രെയിനിംഗ് കോളേജുകൾ

1833 [2869] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബി. എഡ്. ട്രെയിനിംഗ് കോളേജുകൾ അനുവദിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വകാര്യമേഖലയിൽ എത്ര; പൊതുമേഖലയിൽ എത്ര?

ഉത്തരം

(എ, ബി) ട്രെയിനിംഗ് കോളേജുകൾ ഒന്നും അനുവദിച്ചിട്ടില്ല.

എസ്. എൻ. ട്രസ്റ്റിന്റെ കീഴിലുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ

1834 [2870] ശ്രീ. ടി. വി. വിജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എൻ. ട്രസ്റ്റിന്റെ കീഴിലുള്ള കോളേജുകളിൽ നിന്നും പുതിയ കോഴ്സുകൾക്കുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) അവയിൽ ഏതെങ്കിലും സിൻഡിക്കേറ്റ് ശുപാർശ ചെയ്തത് ഗവൺമെന്റിലേക്ക് അയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് കോളേജിൽ, എന്തു കോഴ്സിന";

(സി) പ്രസ്തുത കോഴ്സുകൾക്ക് അനുവാദം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഇക്കാര്യത്തിൽ ഒരവസാന തീരുമാനം എടുത്തു കഴിഞ്ഞിട്ടില്ല.

ചായ്പകുഴി സർക്കാർ ഹൈസ്കൂൾ കെട്ടിടം പണി

1835 [2871] ശ്രീ. കെ. ജെ. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടശ്ശേരി പഞ്ചായത്തിലുള്ള ചായ്പകുഴി സർക്കാർ ഹൈസ്കൂൾ കെട്ടിടം പണിയുന്നതിന് എസ്റ്റിമേറ്റ് എന്നാണ് അംഗീകരിച്ചതെന്ന് പറയാമോ;

(ബി) പ്രസ്തുത പണി നടത്തുന്നതിന് അംഗീകാരം കൊടുത്ത് ടെണ്ടർ വിളിക്കാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1-9-1981-ൽ.

(ബി) സാമ്പത്തിക പരിമിതി കാരണം.

† അനുബന്ധം—IV

LIBRARY ARCHIVES Kerala Legislative Assembly